"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ് - കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് -സ്റ്റേറ്റ് പ്ലാൻ സ്കീം - 2025-26 സാമ്പത്തിക വർഷത്തിലെ പദ്ധതി പ്രവർത്തനങ്ങൾ - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1974/2025/HOME    തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:- 1) ചീഫ് കെമിക്കൽ എക്സാമിനറുടെ 30.04.2025-ലെ സി.ഇ.എൽ.ഡി/300/2025-എസ്1 നമ്പർ കത്ത്.

2) 14.05.2025-ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനങ്ങൾ.

**<u>ഉത്തരവ്</u>**

കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് 2025-26 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി 200 ലക്ഷം രൂപ അനുവദിച്ചിരുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി 200/-ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ചീഫ് കെമിക്കൽ എക്സാമിനർ പരാമർശിത കത്തു പ്രകാരം സമർപ്പിക്കുകയുണ്ടായി. 14.05.2025-ന് ചേർന്ന വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ്, പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ പരിഗണിക്കുകയും നിബന്ധനകൾക്ക് വിധേയമായി കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിൽ 2025-26 സാമ്പത്തിക വർഷം 200 ലക്ഷം രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) ചെലവഴിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകുകയുമുണ്ടായി.

| ക്രമ നമ്പർ | പദ്ധതിപ്രവർത്തനം | മുഖ്യശീർഷകം | തുക (ലക്ഷം) |
|---|---|---|---|
| 1 | എഫ്.റ്റി.ഐ.ആർ (കോഴിക്കോട് ലാബോറട്ടറിയിൽ അനുവദിച്ച അനലിറ്റിക്കൽ ഉപകരണം)<br>2024-25 വർഷത്തെ ബാലൻസ് പേയ്മെന്റ് നൽകുന്നത് | 2210-06-107-97 -19 - Machinery & Equipment (Plan) | 2.91456 |
| 2 | യു.വി. സ്പെക്ട്രോഫോട്ടോമീറ്ററും (2 എണ്ണം-തിരുവനന്തപുരം, എറണാകുളം ലാബുകളിലേക്ക്), അനുബന്ധ ഉപകരണങ്ങളും | ,, | 12 |
| 3 | മൈക്രോവേവ് ഡൈജസ്റ്ററും (2 എണ്ണം-തിരുവനന്തപുരം, കോഴിക്കോട് ലാബുകളിലേയ്ക്ക്) അനുബന്ധ ഉപകരണങ്ങളും | ,, | 40 |
| 4 | ഓട്ടോമാറ്റിക് സോൾവെന്റ് എക്സ്ട്രാക്റ്ററും, അനുബന്ധ ഉപകരണങ്ങളും | ,, | 25 |
| | | | |

| | | | |
|---|---|---|---|
| 5 | ലബോറട്ടറി ഉപകരണങ്ങളുടെ വാങ്ങൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകളിലേയ്ക്ക്) | ,, | 16 |
| 6 | ഗ്ലാസ് വെയർ വാഷറും അനുബന്ധ ഉപകരണങ്ങളും | ,, | 18 |
| 7 | ലബോറട്ടറി ഉപകരണങ്ങളുടെ സ്പെയർ പാർട്ടുകൾ, കൺസ്യൂമബിൾസ് എന്നിവ വാങ്ങൽ | ,, | 16.08544 |
| 8 | ലാപ് ടോപ്, ഡെസ്ക് ടോപ് കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ വാങ്ങുന്നതിന് | ,, | 5 |
| | | **ആകെ** | **135** |
| 9 | കെമിക്കൽസ്, ഗ്ലാസ് ഉപകരണങ്ങൾ, ലബോറട്ടറി അനുബന്ധ സാധനങ്ങൾ, ഹെൽത്ത് ആന്റ് സേഫ്റ്റി ഉപകരണങ്ങൾ | 2210-06-107-97-24- സാധന സാമഗ്രികൾ (Plan) | 15 |
| 10 | ഗ്യാസ് സിലിണ്ടറുകളുടെ റീഫിൽ സംബന്ധിച്ച് | ,, | 4 |
| 11 | ISO & NABL അക്രഡിറ്റേഷനും, NABL പരിധിയിൽ വരുന്ന ഉപകരണങ്ങളുടെ സ്പെയറുകൾ, കൺസ്യൂമബിൾസ് എന്നിവ മാറുന്നതിനും | ,, | 10 |
| | | **ആകെ** | **29** |
| 12 | അനലിറ്റിക്കൽ ഉപകരണങ്ങളുടെ വാർഷിക പരിപാലന കരാറിൽ (AMC) ഏർപ്പെടുന്നതിനും അതിനോടനുബന്ധമായി സ്പെയറുകളും കൺസ്യൂമബിൾസും മറ്റും വാങ്ങുന്നതിനും, ലബോറട്ടറിയിലെ വെബ്സൈറ്റ് അപ്ഗ്രേഡ് ചെയ്യുന്നതിനും | 2210-06-107-97-34(3) – Other Items (Plan) | 15 |
| 13 | വിസറ നീക്കം ചെയ്യുന്നതിനും ഇതിനായി ബാർകോഡുള്ള കവറുകൾ വാങ്ങുന്നതിനും | ,, | 0.4 |
| 14 | ഫയർ എക്സ്റ്റിംഗ്യൂഷറുകളുടെ റീഫില്ലിംഗ് (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകളിൽ) | ,, | 0.6 |
| | | **ആകെ** | **16** |
| 15 | അടിസ്ഥാന സൗകര്യ വികസനങ്ങളുടെ ഭാഗമായി തിരുവനന്തപുരം കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറിയിലെ സിവിൽ വർക്കുകൾ, ഇലക്ട്രിക് സാധനങ്ങൾ (ഫാൻ, ലൈറ്റ്, പ്ലഗ് പോയിന്റുകൾ) , ലിഫ്റ്റ് എന്നിവയുടെ വാർഷിക പരിപാലനം, എറണാകുളം ലബോറട്ടറിയിൽ കോൾഡ് | 2210-06-107-97-17- Minor works (Plan) | 20 |

| | | | |
|---|---|---|---|
| | സ്റ്റോറേജ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഇലക്ട്രിക്കൽ വർക്കുകൾ, സിവിൽ വർക്കുകൾ | | |
| | | ആകെ | 20 |
| | | ആകെ | 200 |

വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാനം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ മേൽ പ്രവർത്തനങ്ങൾ/പദ്ധതികൾ നിർവ്വഹിക്കുന്നതിനായി 200 ലക്ഷം രൂപ (ഇരുന്നൂറ് ലക്ഷം രൂപ മാത്രം) "2210-06-107-97-19 - Machinery & Equipment (Plan), 2210-06-107-97-24 - സാധന സാമഗ്രികൾ (Plan), 2210-06-107-97-34(3) — Other Items (Plan), 2210-06-107-97-17 - Minor works (Plan)" എന്നീ ശീർഷകങ്ങളിൽ നിന്ന് ചെലവഴിക്കുന്നതിനായി ചുവടെപ്പറയുന്ന നിബന്ധനകൾ/നിർദ്ദേശങ്ങൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ/നിർദ്ദേശങ്ങൾ</u>

1) വകുപ്പിൽ നിന്നും പ്രസ്തുത പ്രവർത്തങ്ങൾക്കായി പുറപ്പെടുവിക്കുന്ന ഓരോ പ്രൊസീഡിംഗ്സിലും പദ്ധതി നടപ്പാക്കുന്ന ഉദ്യോഗസ്ഥരുടെയും പദ്ധതി പുരോഗതി വിലയിരുത്തുന്ന ഉദ്യോഗസ്ഥരുടെയും പേരും സ്ഥാനപ്പേരും പദ്ധതി പൂർത്തിയാക്കുന്ന തീയതിയെക്കുറിച്ചും വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പദ്ധതികളുടെ പ്രതിവാര പുരോഗതി എല്ലാ ആഴ്ചയിലും അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്.

2) എല്ലാ വാങ്ങലുകളും നിലവിലുള്ള ചട്ടങ്ങളും, ധനകാര്യ, പൊതു സംഭരണ ഉപദേശകകാര്യ വകുപ്പുകൾ പുറപ്പെടുവിച്ച ഉത്തരവുകളിലെ നിബന്ധനകളും ചട്ടങ്ങളും പാലിച്ചു മാത്രം വാങ്ങേണ്ടതാണ്. ചെറിയ ലബോറട്ടറി ഉപകരണങ്ങൾ/കെമിക്കലുകൾ/ലബോറട്ടറി അനുബന്ധ സാധനങ്ങൾ/ഹെൽത്ത് & സേഫ്റ്റി ഉപകരണങ്ങൾ എന്നിവ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

3) കമ്പ്യൂട്ടറുകളുടേയും, അനുബന്ധ ഇലക്ട്രോണിക് ഉൽപന്നങ്ങളുടേയും കാര്യങ്ങളിൽ ഇലക്ട്രോണിക്സ് & ഐടി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളിലെ നിബന്ധനകളും ചട്ടങ്ങളും പാലിക്കേണ്ടതാണ്.

4) വാങ്ങുന്ന ഉപകരണങ്ങൾ അത്യാധുനികവും മികവുറ്റതും ആണെന്നും AMC/Warranty എന്നിവയും ഉറപ്പ് വരുത്തേണ്ടതും എല്ലാ പർച്ചേസ് നടപടിക്രമങ്ങളും സുതാര്യമായി നടത്തേണ്ടതുമാണ്.

5) സിവിൽ വർക്കുകൾ നിലവിലുള്ള DSR 2021 പ്രകാരം എസ്റ്റിമേറ്റ് PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കി ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് കെമിക്കൽ എക്സാമിനർ, കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.
പൊതു സംഭരണ ഉപദേശകകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
ഡയറക്ടർ, ഐ&പി.ആർ.ഡി. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Divya R S
Date: 16-06-2025 11:19:46
സെക്ഷൻ ഓഫീസർ